**മഹാത്മഗാന്ധി സർവകലാശാല ,കേരളം**

എ ഡി എ X/3/118/2018

പ്രിയദർശിനി ഹിൽസ്, 19/03/2019

**<u>പരിപത്രം</u>**

വിഷയം : ജീവനക്കാര്യം – വിരമിക്കൽ പട്ടിക 2019-20–പുതുതായുള്ള ഉൾപ്പെടുത്തൽ– സംബന്ധിച്ച് :

സൂചന : (i) 15/10/2018 ലെ എ ഡി എ X/3/118/2018 നമ്പർ പരിപത്രം
(ii) 28/11/2018 ലെ എ ഡി എ X/3/118/2018 നമ്പർ അന്തിമ വിരമിക്കൽ പട്ടിക
(iii) 28/01/2019 ലെ എ ഡി എ X/3/118/2018 നമ്പർ പരിപത്രം
(iv) 11/02/2019 ലെ ശ്രീ. റജിമോൻ ജേക്കബിന്റെ അപേക്ഷ

സർവകലാശാല സർവീസിൽ നിന്നും 2019-20 സാമ്പത്തിക വർഷം വിരമിക്കുന്ന ജീവനക്കാരുടെ പ്രാഥമിക പട്ടിക, പരിപത്രം (i) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പട്ടികയിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ പരിഹരിച്ചുകൊണ്ട് അന്തിമ വിരമിക്കൽപ്പട്ടിക സൂചന (ii) പ്രകാരം പുറപ്പെടുവിച്ചിരിന്നുവെങ്കിലും 31/7/2019 ൽ വിരമിക്കേണ്ട സെക്ഷൻ ഓഫീസർ, ശ്രീ. പ്രസന്നൻ പി വി യുടെ പേര്, മറ്റുള്ളവരോടൊപ്പം നൽകുവാൻ വിട്ടുപോയിരുന്നുവെന്ന ബന്ധപ്പെട്ട ഓഡിറ്റ് സെക്ഷന്റെ പരാമർശം കണക്കിലെടുത്ത്, ടിയാനെ മേൽ സൂചന പട്ടികയിൽ നമ്പർ 85(a) ആയി, സൂചന(iii) പരിപത്രം പ്രകാരം ഉൾപ്പെടുത്തിയിരുന്നു .

ഒടുവിൽ, സെക്ഷൻ ഓഫിസർ ശ്രീ. റജിമോൻ ജേക്കബ്, ടിയാന്റെ മേൽ സൂചന വിരമിക്കൽപ്പട്ടികയിലെ അസാന്നിദ്ധ്യം ചൂണ്ടിക്കാട്ടി സമർപ്പിച്ച സൂചന (iv) അപേക്ഷയിന്മേൽ, ബന്ധപ്പെട്ട ഓഡിറ്റ് സെക്ഷന്റെ റിപ്പോർട്ട് തേടിയതിൽ, ടിയാൻ 31/01/2020 അപരാഹ്നത്തിൽ വിരമിക്കുകയാണെന്ന് സ്ഥിരീകരിച്ച സാഹചര്യത്തിൽ, 2019-20 സാമ്പത്തിക വർഷത്തെ വിരമിക്കൽപ്പട്ടികയിൽ ടിയാന്റെ പേര്, നമ്പർ 101 (a) ആയി താഴെപ്പറയും പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു .

| നമ്പർ | പേര് | ജനനത്തീയതി | തസ്തിക | വിരമിക്കൽ തീയതി |
|---|---|---|---|---|
| 101(a) | റജിമോൻ ജേക്കബ് | 16/01/1964 | സെക്ഷൻ ഓഫീസർ | 31/01/2020 |

ശ്രീ. റജിമോൻ ജേക്കബിന്റെ ഉൾപ്പെടുത്തലോടെ 2019-20 സാമ്പത്തിക വർഷം വിരമിക്കുന്ന ജീവനക്കാരുടെ ആകെ എണ്ണം 120 ൽ നിന്നും 121 ആയി ഉയർന്നിട്ടുണ്ട്.

ശ്രീ. റജിമോൻ ജേക്കബിന്റെ ബാധ്യത സംബന്ധിച്ച വിവരങ്ങൾ ,ബന്ധപ്പെട്ട സെക്ഷനുകൾ,സ്ഥാപനങ്ങൾ എന്നിവ 16/4/2019 വൈകിട്ട് 4.00 മണിക്ക് മുമ്പ് ഈ സെക്ഷനിൽ അറിയിച്ചിരിക്കേണ്ടതാണ്.

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ I (ഭ .വി )

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :
1. റജിമോൻ ജേക്കബ്, സെക്ഷൻ ഓഫിസർ ( ഇ .ജെ I)
2. എല്ലാ സെക്ഷനുകളും/ ഡിപ്പാർട്ടുമെന്റുകളും/ സ്കൂളുകളും
3. വി സി യുടെ പി എസ്
4. രജിസ്ട്രാർ/ എഫ് ഓ/സി ഇ എന്നിവരുടെ പി എ മാർ
5. ജെ ഡി,കെ എസ് എ
6. എം ജി യു ഇ കോപ്പറേറ്റീവ് സൊസൈറ്റി
7. ഓഡിറ്റ് 2/3 /5 , ഇ എ –II/ സി വി സെൽ /ഇ എം സി
8. എ ഡി എ 1/2/3/4/5/6/8, എ ഡി ബി1/പി &ഡി I/ II/ III
9. സർവകലാശാല ലൈബ്രറി
10. മാനേജർ , എസ് .ബി .ഐ ക്യാമ്പസ് ബ്രാഞ്ച്
11. ജനറൽ ക്യാഷ്
12. ഫിനാൻസ് 1/2/3/4/5 ,എഫ് സി സി
13. നോട്ടീസ് ബോർഡ് /റെക്കോർഡ്സ് /സി.എം .എസ്
14. എസ് എഫ് /എഫ് സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ